ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോക്കുന്നു റോഡിന്റെ ശോച്യാവസ്ഥ

171 (3048) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പി.ഡബ്ലിയു.ഡി. ഡിവിഷനിലെ അങ്കമാലി സെക്ഷനിൽപ്പെട്ട കറുകുറ്റി-വട്ടേക്കാട് വഴി കോക്കുന്ന് റോഡും, കറുകുറ്റി-ഏഴാറ്റുമുഖം റോഡും സഞ്ചാരയോഗ്യമല്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ റോഡ് എന്ന് സഞ്ചാരയോഗ്യമാക്കാൻ സാധിക്കും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ 2 കി. മീറ്റർ ദൂരം അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 5 കിലോ മീറ്റർ ദൂരം ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വണ്ടിപ്പെരിയാർ-പ്ലാപ്പള്ളി റോഡ് ഏറ്റെടുത്ത നടപടി

172 (3049) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാർ-പ്ലാപ്പള്ളി റോഡ് കെ. എസ്. ഇ. ബി. യിൽ നിന്ന് പി. ഡബ്ലിയു. ഡി ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഏറ്റെടുക്കൽ സംബന്ധിച്ചുണ്ടായ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുമോ ; ഏറ്റെടുക്കലിനു ശേഷം എത്ര തവണ പി. ഡബ്ലിയു. ഡി. റോഡ് പുനരുദ്ധരിച്ചിട്ടുണ്ട് ; എത്ര രൂപയാണ് റോഡിന് ചെലവഴിച്ചിരിക്കുന്നത് ;

(സി) റോഡ് പുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം നബാർഡിന് നൽകിയ ലിസ്റ്റിൽ ഈ റോഡ് ഉൾപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ റോഡിന് നബാർഡ് ധനസഹായം ലഭിക്കുമോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ; കഴിഞ്ഞ തവണ ഭരണാനുമതി ലഭിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

പോയതിന് കാരണം വെളിപ്പെടുത്തുമോ ; ഭരണാനുമതി ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വണ്ടിപ്പെരിയാർ-പ്ലാപ്പള്ളി റോഡ് 71 കി. മീറ്റർ നീളം ഉള്ളതാണ് ആങ്ങാമൂഴി മുതൽ പച്ചക്കാനം വരെയുള്ള 63.581 കി. മീ.നീളം റോഡ് കെ.എസ്.ഇ.ബി. യുടെ അധീനതയിലാണ്. ഇത് പൊതുമരാമത്ത് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല.

സുൽത്താൻ ബത്തേരി വില്ലേജ് ഓഫീസിനു സമീപമുള്ള പുറമ്പോക്ക് സ്ഥലം

173 (3050) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി വില്ലേജ് ഓഫീസിനു സമീപമുള്ള പി.ഡബ്ലിയു.ഡി. വക പുറമ്പോക്ക് സ്ഥലം മുൻപ് പ്രസ്തുത സ്ഥലത്ത് ചായക്കച്ചവടം നടത്തിയ ആളിൽനിന്നും ഒഴിപ്പിച്ചെടുത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേലികെട്ടി സംരക്ഷിച്ചിരുന്ന പ്രസ്തുത സ്ഥലം ഇപ്പോൾ ഒരു സ്വകാര്യ വ്യക്തി വേലി പൊളിച്ചുമാറ്റി കൈവശപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി. ഡബ്ലിയു. ഡി. ഓഫീസിനു സമീപമുള്ള പ്രസ്തുത സ്ഥലം എത്രയും പെട്ടെന്ന് വേലി കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിക്കുന്നതാണ്.

റോഡിന്റേയും പാലത്തിന്റേയും പണി നബാർഡു പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

174 (3051) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ബസാർ-മുട്ടം റോഡിലുള്ള ബസാർ പാലത്തിന്റേയും അനുബന്ധ റോഡുകളുടേയും പണി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യിക്കാൻ മരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുമോ ;

(ബി) ദേവികുളങ്ങര കുട്ടുംവാതുക്കൽ -മാഞ്ഞാലിപ്പുറം കടവ് പാലവും റോഡും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ മരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly